**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3522** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ പൊതു മേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) | കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശ നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ അനുസരിച്ച്. താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ അനുസരിച്ച് താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. അധിക ജീവനക്കാർ മൂലം ഉണ്ടാകുന്ന അധികചെലവ് നിയന്ത്രിക്കുവാൻ സാധിച്ചു<br><br>2. കർഷകരിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾക്ക് പരമാവധി വേഗത്തിൽ തുക വിതരണം ചെയ്തുവരുന്നു.<br><br>3. 2012-13 മുതൽ മുടങ്ങി കിടന്നിരുന്ന ഓഡിറ്റ് 2020-21 വരെ പൂർത്തികരിച്ചിട്ടുണ്ട്.<br><br>4. ഹോർട്ടികോർപ്പിന്റെ സാമ്പത്തിക നഷ്ടം വലിയ അളവിൽ കുറയ്ക്കാൻ സാധിച്ചു.<br><br>5. ഹോർട്ടികോർപ്പിന്റെ സർവ്വീസ് റൂളും, സ്റ്റാഫ് പാറ്റേണും തയ്യാറാക്കി നല്കുകയും ആയത് സർക്കാരിന്റെ പരിശോധനയിലാണ്.<br><br>6. അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിനായി ടാലി സോഫ്റ്റ്വെയർ സ്ഥാപിച്ച് ജില്ലകളിൽ നിന്നുള്ള കണക്കുകൾ ഹെഡ് ഓഫീസിലേക്ക് കേന്ദ്രീകരിച്ച് |

| | | | |
|---|---|---|---|
| | | | തൽസമയം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>7. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പി ലാക്കണം എന്ന നിർദ്ദേശത്തിനനുസരിച്ച് ഹോർട്ടികോർപ്പിൽ ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (ബി) | കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശ നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ അനുസരിച്ച്. താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ അനുസരിച്ച് താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. അധിക ജീവനക്കാർ മൂലം ഉണ്ടാകുന്ന അധികചെലവ് നിയന്ത്രിക്കുവാൻ സാധിച്ചു<br><br>2. കർഷകരിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾക്ക് പരമാവധി വേഗത്തിൽ തുക വിതരണം ചെയ്തുവരുന്നു.<br><br>3. 2012-13 മുതൽ മുടങ്ങി കിടന്നിരുന്ന ഓഡിറ്റ് 2020-21 വരെ പൂർത്തികരിച്ചിട്ടുണ്ട്.<br><br>4. ഹോർട്ടികോർപ്പിന്റെ സാമ്പത്തിക നഷ്ടം വലിയ അളവിൽ കുറയ്ക്കാൻ സാധിച്ചു.<br><br>5. ഹോർട്ടികോർപ്പിന്റെ സർവ്വീസ് റൂളും, സ്റ്റാഫ് പാറ്റേണും തയ്യാറാക്കി നല്കുകയും ആയത് സർക്കാരിന്റെ പരിശോധനയിലാണ്.<br><br>6. അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിനായി ടാലി സോഫ്റ്റ്വെയർ സ്ഥാപിച്ച് ജില്ലകളിൽ നിന്നുള്ള കണക്കുകൾ ഹെഡ് ഓഫീസിലേക്ക് കേന്ദ്രീകരിച്ച് തൽസമയം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>7. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പി ലാക്കണം എന്ന നിർദ്ദേശത്തിനനുസരിച്ച് ഹോർട്ടികോർപ്പിൽ ഒരു |

| | | | |
|---|---|---|---|
| | | | **മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.** |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | **കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിനും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉറപ്പാക്കുന്നതിലും, ടി സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പോകുന്ന പുതിയ പദ്ധതികൾ തുടങ്ങിയവ അവലോകനം ചെയ്യുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെയും, ചെയർമാൻമാരെയും ഉൾപ്പെടുത്തി കൊണ്ട് യോഗം ബഹു.മന്ത്രിയുടെ, കൃഷി വകുപ്പ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ നിശ്ചിത ഇടവേളകളിൽ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കുവാനാകുമെന്ന വ്യക്തമായ പദ്ധതി തയാറാക്കുവാൻ ടി സ്ഥാപനങ്ങളിലെ ചെയർമാൻ/മാനേജിംഗ് ഡയറക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ തയാറാക്കി നല്കിയിട്ടുള്ള Short Term & Long Term ശുപാർശകൾ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ